**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 219** **12-01-2021 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി. കെ. സി. മമ്മത് കോയ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | കെ-ഫോൺ പദ്ധതി നിലവിൽ 32% വരെ പൂർത്തിയായിട്ടുണ്ട്. കോവിഡ് കാരണമുണ്ടായ ലോക്ക്ഡൗൺ, തുടർച്ചയായ മഴ, കോവിഡു മൂലമുള്ള തൊഴിലാളികളുടെ ദൗർലഭ്യം എന്നിവ കാരണം സമയബന്ധിതമായി പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിട്ടിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം 1000 സർക്കാർ ഓഫീസുകളെ ഉൾപ്പെടുത്തി ഫെബ്രുവരി 2021-ൽ പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഈ പദ്ധതി നടപ്പിലായാൽ കേരളത്തിലെ പൊതുജനങ്ങൾക്കും സർക്കാരിനും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ് ? | (ബി) | കെ-ഫോൺ പദ്ധതിയുടെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു: 1) എല്ലാ സർവ്വീസ് പ്രൊവൈഡർമാർക്കും (കേബിൾ ഓപ്പറേറ്റർ, ടെലികോം ഓപ്പറേറ്റർ, ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ, കണ്ടന്റ് സർവ്വീസ് പ്രൊവൈഡർ) വിവേചനരഹിതമായി അവസരം നൽകുന്ന ഒപ്റ്റിക് ഫൈബർ നെറ്റ് വർക്ക് ഇൻഫ്രാസ്ട്രക്ചർ സംസ്ഥാനത്ത് നിലവിൽ വരും. 2) മേൽപ്പറഞ്ഞ കാരണം കൊണ്ട് അതിവേഗ ഇന്റർനെറ്റ്/ ഇൻട്രാനെറ്റ് കണക്ഷൻ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ സാധിക്കുന്നതാണ്. 3) ഐ.ടി. പാർക്കുകൾ, എയർപോർട്ട്, തുറമുഖം, സ്മാർട്ട്സിറ്റി തുടങ്ങിയ പ്രധാന ഇടങ്ങളിൽ ഹൈസ്പീഡ് ബാന്റ് വിഡ്ത്ത് ലഭ്യമാകും. 4) 30,000 ത്തോളം സർക്കാർ സ്ഥാപനങ്ങളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇതുവഴി സർക്കാർ സേവനങ്ങളായ ഇ-ഹെൽത്ത്, ഇ-എഡ്യൂക്കേഷൻ മറ്റ് ഇ-സർവ്വീസുകൾ എന്നിവയ്ക്ക് കൂടുതൽ ബാന്റ് വിഡ്ത്ത് നൽകി കാര്യക്ഷമത വർദ്ധിപ്പിക്കാൻ കെ-ഫോൺ സഹായിക്കും. 5) ഉയർന്ന നിലവാരമുള്ള നിരീക്ഷണ ക്യാമറകൾ ഉൾപ്പെടുന്ന ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം കാര്യക്ഷമമാക്കാൻ കെ-ഫോൺ പദ്ധതി സഹായിക്കും. 6) സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന |

| | | | |
|---|---|---|---|
| | | | ഭവനങ്ങളിലേക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കാൻ ഈ അടിസ്ഥാന സൗകര്യ വികസന പദ്ധതി സഹായകമാകും. |

സെക്ഷൻ ഓഫീസർ